നം.CEIA/6664/2023-G2

ചീഫ് എഞ്ചിനീയറുടെ കാര്യാലയം
ജലസേചനവും ഭരണവും
തിരുവനന്തപുരം.
തീയതി : 02-09-2024.

പ്രേഷകൻ

ചീഫ് എഞ്ചിനീയർ

സ്വീകർത്താവ്

എല്ലാ ചീഫ് എഞ്ചിനീയർമാർക്കും/
എല്ലാ സൂപ്രണ്ടിംഗ് എഞ്ചിനീയർമാർക്കും

സർ,

വിഷയം :- ജലസേചനം - ജീവനക്കാര്യം - സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരമുള്ള ആശ്രിതനിയമനത്തിന് അപേക്ഷയോടൊപ്പം "സംരക്ഷണ സമ്മതമൊഴി" സമർപ്പിക്കണമെന്ന വ്യവസ്ഥ നിലവിൽ സേവനത്തിൽ തുടരുന്ന ജീവനക്കാർക്കും ബാധകമാക്കി ഉത്തരവ് പുറപ്പെടുവിച്ചത് - സംബന്ധിച്ച്.

സൂചന :- 1. 24/06/2024 ലെ സ.ഉ.നം. (കൈ) 11/2024/പി&എ.ആർ.ഡി.

2. 14/07/2023 ലെ സ.ഉ. നം. (പി) 12/2023/ പി&എ.ആർ.ഡി.

3. 09/11/2023 ലെ സ.ഉ. (കൈ) 21/2023/ പി&എ.ആർ.ഡി.

4. 30/07/2024 ലെ ഈ കാര്യാലയത്തിലെ CEIA/6664/2023-G2 നമ്പർ കത്ത്.

മേൽ വിഷയത്തിലേയ്ക്കും സൂചനകളിലേയ്ക്കും ശ്രദ്ധ ക്ഷണിക്കുന്നു.

സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ആശ്രിത നിയമനം ലഭിച്ച് സേവനത്തിൽ തുടരുന്ന എല്ലാ ജീവനക്കാർക്കും "സംരക്ഷണ സമ്മതമൊഴി" ബാധകമാക്കി സൂചന (1) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ആയതിൻ പ്രകാരം സൂചന (3) ഉത്തരവ് പ്രകാരമുള്ള "സംരക്ഷണ സമ്മതമൊഴി" സമർപ്പിക്കുവാൻ സൂചന (4) പ്രകാരം ഈ കാര്യാലയത്തിൽ നിന്നും നിർദ്ദേശം നൽകിയിരുന്നു.

എന്നാൽ സൂചന (3) ഉത്തരവ് പ്രകാരമുള്ള സംരക്ഷണമൊഴിയോടൊപ്പം ഇത് ലംഘിക്കുന്ന ജീവനക്കാരുടെ പ്രതിമാസ അടിസ്ഥാന ശമ്പളത്തിൽ നിന്നും 25% തുക പിടിച്ചെടുത്ത് അർഹരായ ആശ്രിതർക്ക് നൽകണമെന്ന സൂചന (2) പ്രകാരമുള്ള ഉത്തരവ് കൂടി ഉൾപ്പെടുത്തേണ്ടതുണ്ട്.

ആയതിനാൽ ഇതോടൊപ്പം ഉള്ളടക്കം ചെയ്തിരിക്കുന്ന മാതൃകയിലുള്ള

"സംരക്ഷണ സമ്മതമൊഴി" സർക്കിൾ തലത്തിൽ ക്രോഡീകരിച്ചും, ചീഫ് എഞ്ചിനീയറുടെ കാര്യാലയങ്ങളിലെ അതാത് കാര്യാലയത്തിൽ നിന്നും നേരിട്ടും ഓഫീസ് മേധാവി സാക്ഷ്യപ്പെടുത്തി **2024** സെപ്തംബർ **10** നകം ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്.

വിശ്വസ്തതയോടെ

ചീഫ് എഞ്ചിനീയർ

* സർക്കിൾ തലത്തിൽ ക്രോഡീകരിച്ച് മാത്രമേ സംരക്ഷണ സമ്മതമൊഴി ഈ കാര്യാലയത്തിൽ സമർപ്പിക്കുവാൻ പാടുള്ളൂ.

- സംരക്ഷണ സമ്മതമൊഴി **2 എണ്ണം** ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്.
- **2024** സെപ്തംബർ **10** നകം എല്ലാ ജീവനക്കാരുടെയും സംരക്ഷണ സമ്മതമൊഴി ഈ കാര്യാലയത്തിൽ കൃത്യമായും സമർപ്പിച്ചിരിക്കണം.

**"സംരക്ഷണ സമ്മതമൊഴി"**

എന്റെ പിതാവ്/മാതാവ് ആയ ശ്രീ/ശ്രീമതി.......................... ........................ വകുപ്പിൽ ...................... തസ്തികയിൽ സർവ്വീസിലിരിക്കെ.........................തീയതിയിൽ മരണപ്പെട്ടിട്ടുള്ളതാണ്. ഇതിനെതുടർന്ന് ഞാൻ സമാശ്വാസ തൊഴിൽ ദാന പദ്ധതി പ്രകാരം ........................ തീയതി മുതൽ സർക്കാർ സർവ്വീസിൽ സേവനമനുഷ്ഠിച്ചു വരികയാണ്. 09/11/2023 തീയതിയിലെ സ.ഉ. (കൈ) 21/2023 പി & എ.ആർ.ഡി. നമ്പർ ഉത്തരവിലെ വ്യവസ്ഥ പ്രകാരം എന്റെ (പിതാവിന്റെ/മാതാവിന്റെ/............) മാതാവ്/പിതാവ്/വിധവ/വിഭാര്യൻ എന്നിവരെ ജീവിതകാലം മുഴുവൻ സംരക്ഷിക്കുന്നതാണെന്നും ടി ജീവനക്കാരന്റെ ആശ്രിതരായ മക്കളെയും സഹോദരങ്ങളെയും പ്രായപൂർത്തിയാകുന്നതു വരെ സംരക്ഷിക്കുന്നതാണെന്നും ഇതിനാൽ സമ്മതമൊഴി നൽകുന്നു. 14/07/2023 ലെ സ.ഉ. നം. (പി) 12/2023/ പി&എ.ആർ.ഡി. പ്രകാരം ഇത് ലംഘിക്കുന്ന പക്ഷം എന്റെ പ്രതിമാസ അടിസ്ഥാന ശമ്പളത്തിൽ നിന്നും 25% തുക പിടിച്ചെടുത്ത് അർഹരായ ആശ്രിതർക്ക് നൽകുന്നതിന് സമ്മതമാണെന്നും സാക്ഷ്യപ്പെടുത്തുന്നു.

ഒപ്പ്

സ്ഥലം ജീവനക്കാരന്റെ പേര്

തീയതി തസ്തിക & ഓഫീസ്

* സർക്കാർ ഉത്തരവിൽ പരാമർശിച്ചിരിക്കുന്ന ആശ്രിതരിൽ ആരെയൊക്കെയാണ് സംരക്ഷിക്കേണ്ടത് എന്നത് ടിക്ക് ചെയ്ത് നൽകേണ്ടതാണ്.

സംരക്ഷിക്കേണ്ട ആശ്രിതർ നിലവിൽ ഇല്ലാത്തവർക്കുള്ള സത്യവാങ്മൂലം

<u>സത്യവാങ്മൂലം</u>

എന്റെ പിതാവ്/മാതാവ്/ശ്രീ/ശ്രീമതി....................... ........................ വകുപ്പിൽ........................................തസ്തികയിൽ സേവനത്തിലിരിക്കെ ..........................തീയതിയിൽ മരണപ്പെട്ടിട്ടുള്ളതാകുന്നു. ഇതിനെ തുടർന്ന് ഞാൻ സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം.............................................തീയതി മുതൽ സർക്കാർ സർവ്വീസിൽ സേവനമനുഷ്ഠിച്ചുവരികയാണ്. **09/11/2023** തീയതിലെ സ.ഉ.(കൈ) **21/2023** പി & എ.ആർ.ഡി. നമ്പർ ഉത്തരവിൽ പരാമർശിച്ചിരിക്കുന്ന ആശ്രിതരിൽ മരണപ്പെട്ട ജീവനക്കാരന്റെ മാതാവ്/പിതാവ്/വിധവ/വിഭാര്യൻ മരണപ്പെടുകയും, ആശ്രിതരായ മക്കളും സഹോദരങ്ങളും പ്രായപൂർത്തി യാകുകയും ചെയ്തതിനാൽ സംരക്ഷിക്കേണ്ട ആശ്രിതർ നിലവിൽ ഇല്ല എന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

ഒപ്പ്

സ്ഥലം ജീവനക്കാരന്റെ പേര്

തീയതി തസ്തിക & ഓഫീസ്